**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 994** **14-01-2021 - ൽ മറുപടിയ്ക്ക്**

**കുളക്കട - പവിത്രേശ്വരം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുളക്കട - പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; | (എ) | കുളക്കട - പവിത്രേശ്വരം കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം ARP ഹെഡിൽ 15.12.2011ൽ 1336 ലക്ഷം രൂപയ്ക്ക് അനുമതി ലഭിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും, നബാർഡിൽ ഉൾപ്പെടുത്തി കുളക്കട-പവിത്രേശ്വരം കുടിവെള്ളപദ്ധതി രണ്ടാം ഘട്ടം 31.12.2019 ൽ 2931.98 ലക്ഷം രൂപയ്ക്ക് അനുമതി ലഭിയ്ക്കുകയും ചെയ്തു. ടി പദ്ധതി മൂന്നു പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത് . പാക്കേജ് I, II പ്രകാരമുള്ള വിതരണ ശൃംഖലയുടെ പ്രവൃത്തി കരാറാക്കുകയും ഇതിനാവശ്യമായ പൈപ്പുകളുടെ വിതരണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് . പാക്കേജ് III ലെ വിതരണശൃംഖലയും, 2LL സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി ഉൾപ്പെടുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധന കേരള വാട്ടർ അതോറിറ്റി നടത്തി വരുന്നു. കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 8299 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാം; അവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്; | (ബി) | പ്രസ്തുത പദ്ധതിയിൽ 91 കി.മീ. ദൈർഘ്യമുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ, 2 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതലസംഭരണിയുടെ നിർമ്മാണം, പമ്പ് ഹൗസിന്റെ നിർമ്മാണം, പമ്പ് സെറ്റിന്റെ സ്ഥാപനവും കമ്മീഷനിങ് എന്നീ പ്രവൃത്തികളാണ് പൂർത്തീകരിക്കാനായിട്ടുള്ളത്. ജലജീവൻ മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള 8299 ഗാർഹിക കുടിവെള്ള കണക്ഷനുകളുടേയും അനുബന്ധ പ്രവൃത്തികളുടെ പണികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട് . നബാർഡിൽ പൂർത്തീകരിക്കേണ്ട പദ്ധതികൾ, 2022 ഡിസംബർ മാസത്തോടുകൂടിയും ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തികൾ 2022 ജനുവരി |

| | | | |
|---|---|---|---|
| | | | മാസത്തോട്ടുകൂടിയും പൂർത്തീകരിക്കാൻ സാധിക്കും എന്ന് പ്രതീഷിക്കുന്നു |
| (സി) | പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ കുളക്കട പഞ്ചായത്തിലെ മുഴുവൻ ഗാർഹിക ഉപഭോക്താക്കൾക്കും കുടിവെള്ളം ലഭ്യമാകുമോ; ടി പദ്ധതി പ്രകാരം കുളക്കട പഞ്ചായത്തിൽ നൽകാൻ കഴിയുന്ന കുടിവെള്ള കണക്ഷനുകളുടെ എണ്ണം എത്രയാണ്? | (സി) | ലഭ്യമാകും; ഈ പദ്ധതി പ്രകാരം 8299 കണക്ഷനുകൾ നൽകാൻ സാധിക്കും |

സെക്ഷൻ ഓഫീസർ